# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2555

17.06.2019 ലെ മറുപടിയ്ക്ക്.

**മണലൂർ മണ്ഡലത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറികൾ**

| ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി : | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) | സംസ്ഥാനത്തെ ഗവ/എയ്ഡഡ്/സ്പെഷ്യൽ/ ടെക്നിക്കൽ സ്കൂളുകളിൽ 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപ വരെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് നിലവിലുള്ള വീടിനോടൊപ്പം 120 sq.ft വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ 15%, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭ/വാർഡ് സഭ ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗുണഭോക്തൃ പട്ടിക ലഭ്യമാകാത്തയിടങ്ങളിൽ പത്രപരസ്യത്തിലൂടെ നേരിട്ട് അപേക്ഷ ക്ഷണിച്ചും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.<br>നിലവിലുള്ള വീടിന്റെ വലിപ്പം 800 sq.ft ൽ അധികരിക്കാത്തവർക്കും വകുപ്പിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ പഠനമുറി നിർമ്മിക്കുന്നതിന് ആനുകൂല്യം ലഭിക്കാത്തവർക്കുമാണ് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്.<br>നിലവിലുള്ള വീടിനോടൊപ്പം 120 sq.ft. റൂം നിർമ്മിച്ച് മേൽക്കൂര കോൺക്രീറ്റ് ചെയ്ത് ചുവരുകൾ പ്ലാസ്റ്റർ ചെയ്യുന്നതിനും തറ ടൈൽ പാകുന്നതിനും വാതിൽ, ജനലുകൾ, പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി, അലമാര എന്നിവ സ്ഥാപിക്കുന്നതിനും വൈദ്യുതീകരിച്ച് ലൈറ്റ്, ഫാൻ എന്നിവ സ്ഥാപിക്കുന്നതിനുമാണ് തുക നൽകി വരുന്നത്.<br>10-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കും ഒരു കിടപ്പു മുറി മാത്രമുള്ള വീടിനും വിധവ/വിഭാര്യൻ നയിക്കുന്ന കുടുംബത്തിനും മാരകമായ രോഗം |

<table>
<tr><td></td><td></td><td></td><td>ബാധിച്ചവരുടെ കുടുംബത്തിനും പെൺകുട്ടികൾ മാത്രമുള്ള കുടുംബത്തിനും കുറഞ്ഞ വരുമാന പരിധിയുള്ളവർക്കും പദ്ധതിപ്രകാരം മുൻഗണന നൽകുന്നുണ്ട്.</td></tr>
<tr><td>(ബി)</td><td>പഠനമുറി പദ്ധതിയിലേക്ക് മണലൂർ മണ്ഡലത്തിൽ നിന്നും ഈ സർക്കാരിന്റെ കാലത്ത് എത്ര പേരെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഇതുവരെ എത്ര പഠനമുറികൾ നിർമ്മിച്ചുനൽകിയിട്ടുണ്ടെന്നും, എത്ര പഠനമുറികളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ടെന്നും അറിയിക്കാമോ?</td><td>(ബി)</td><td>മണലൂർ മണ്ഡലത്തിൽ 2017-18 വർഷം പഠനമുറി പദ്ധതിയ്ക്കായി 70 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 41 പേർ നിർമ്മാണം പൂർത്തീകരിക്കുകയും 29 പേർ നിർമ്മാണത്തിന്റെ മൂന്നാം ഘട്ടത്തിലുമാണ്.<br>2018-19 വർഷം 64 പേരെ പഠനമുറി പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 7 പേർ നിർമ്മാണം പൂർത്തീകരിക്കുകയും അവശേഷിക്കുന്ന 57 പേരിൽ 19 പേർ രണ്ടാം ഗഡുവും 38 പേർ മൂന്നാം ഗഡുവും കൈപ്പറ്റി നിർമ്മാണം പുരോഗമിച്ച് വരുന്നു.
<table>
<tr><th>വർഷം</th><th>'തെരെഞ്ഞെടുക്കപ്പെട്ട എണ്ണം</th><th>പൂർത്തിയാക്കിയ എണ്ണം</th><th>നിർമ്മാണം പുരോഗമിക്കുന്ന എണ്ണം</th></tr>
<tr><td>2017-18</td><td>70</td><td>41</td><td>29</td></tr>
<tr><td>2018-19</td><td>64</td><td>7</td><td>57</td></tr>
<tr><td>ആകെ</td><td>134</td><td>48</td><td>86</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ